# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ 3066 — 13/10/2011 – ൽ മറുപടിയ്ക്ക്

## ജയിലിൽ നിന്നുള്ള അനധികൃതമായ ഫോൺവിളി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പ്രദീപ്കുമാർ | ശ്രീ. ഉമ്മൻ ചാണ്ടി ( മുഖ്യമന്ത്രി) |

| | |
|---|---|
| (എ) തടവുശിക്ഷയനുഭവിക്കപ്പെടുന്നവർക്ക് ജയിലിൽ സ്വന്തം ഫോണുകൾ ഉപയോഗിക്കുന്നതിന് നിയമം അനുവദിക്കുന്നുണ്ടോ; | (എ) ഇല്ല. |
| (ബി) ജയിലിൽ കഴിയുന്ന മുൻമന്ത്രി ബാലകൃഷ്ണപിള്ള സ്വന്തം ഫോണിൽ നിന്നും (9447155555) നിരവധി പ്രമുഖരെ പലദിവസങ്ങളിൽ വിളിച്ചതിനെക്കുറിച്ച് അന്വേഷണം നടക്കുന്നുണ്ടോ; അന്വേഷണത്തിൽ ഇദ്ദേഹം ആരോടൊക്കെ ബന്ധപ്പെട്ടു എന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) 'റിപ്പോർട്ടർ' എന്ന സ്വകാര്യ ചാനലിന്റെ പ്രതിനിധി ബാലകൃഷ്ണപിള്ളയുമായി സംഭാഷണം നടത്തിയതിനെക്കുറിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തുകയുണ്ടായി. ആയത് ശരിയാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. |
| (സി) ഫോൺ ചെയ്തതുമായി ബന്ധപ്പെട്ട അന്വേഷണം നടത്തുന്നത് ഏത് ഉദ്യോഗസ്ഥനാണ് ; ഈ ഉദ്യോഗസ്ഥൻ ശ്രീ. ബാലകൃഷ്ണപിള്ളയുടെ ശുപാർശപ്രകാരം നിയമനം ലഭിച്ച ഉദ്യോഗസ്ഥനാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ജയിൽ ആസ്ഥാനകാര്യാലയം ചീഫ് വെൽഫെയർ ഓഫീസർ ശ്രീ.കെ.എ.കുമാരനാണ് അന്വേഷണം നടത്തിയത്. ഇല്ല. |

| | |
|---|---|
| (ഡി) തടവുശിക്ഷയനുഭവിക്കുന്ന കാലത്ത് ശ്രീ. ബാലകൃഷ്ണപിള്ളയുടെ ഫോണിൽ നിന്നും വിളിച്ചു എന്ന് ചാനലുകൾ കണ്ടെത്തിയ നമ്പരുകൾ അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ ഈ അന്വേഷണം കുറ്റമറ്റരീതിയിലാണെന്ന് കരുതുന്നുണ്ടോ ? | (ഡി) കണ്ടെത്തിയിട്ടില്ല. കുറ്റമറ്റ രീതിയിലാണ് അന്വേഷണം നടത്തിയത്. |

സെക്ഷൻ ആഫീസർ